"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്തുവകുപ്പ് - **LAR** കേസ് - തിരുവനന്തപുരം ജില്ല - കുണ്ടമൺകടവ് പാലം നിർമ്മാണം - തിരുവനന്തപുരം സബ്കോടതിയിലെ **LAR** നമ്പർ **133/12** കേസിന്റെ കോടതി വിധി തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്തു (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**893/2026/PWD** തിരുവനന്തപുരം,തീയതി,**07-08-2026**

---

പരാമർശം:- **1.** സ.ഉ(സാധാ)നം.**1775/2025/PWD** തീയതി **10-11-2025**

**2.** പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ **06-07-2026** - ലെ **CEPWD/12402/2022-FR9-PWD** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കുണ്ടമൺകടവ് പാലം നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ **LAR** കേസുകളുടെ കോടതി വിധി തുകകൾ നല്കുന്നതിലേക്കായി ആകെ **₹5,89,81,495/-** രൂപയുടെ ഭരണാനുമതി പരാമർശം **(1)** പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭരണാനുമതി തുകയോടൊപ്പം **LAR** നമ്പർ **133/12** കേസിന്റെ കോടതി വിധി തുകയുടെ ബാക്കിയും അതിന്റെ **31-10-2026** വരെയുള്ള പലിശയായ **₹3941/-** രൂപ കൂടി ചേർത്ത് ആകെ **₹5,89,85,436/-** [അഞ്ചു കോടി എൺപത്തി ഒൻപതു ലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത്തി ആറ്] രൂപയുടെ പുതുക്കിയ ഭരണാനുമതി **5054-04-337-80-PC** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം **(2)** പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലങ്ങൾ വിഭാഗം ചീഫ്

എഞ്ചിനീയറുടെ പരാമർശം (2) ശിപാർശ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ കുണ്ടമൺകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്ത LAR നമ്പർ 133/12 കേസിന്റെ കോടതി വിധി തുകയുടെ ബാക്കിയും അതിന്റെ 31-10-2026 വരെയുള്ള പലിശയും അനുവദിക്കുന്നതിലേക്കായി മുൻപ് ഭരണാനുമതി നൽകിയ ₹5,89,81,495/- രൂപയോടൊപ്പം ₹3941/- രൂപ കൂടി ചേർത്ത് ആകെ ₹5,89,85,436/- [അഞ്ചു കോടി എൺപത്തി ഒൻപതു ലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത്തി ആറ്] രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SATHEESH KUMAR C**

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ് (പ്രസിദ്ധീകരണത്തിനായി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 07-08-2026
15:54:25

സെക്ഷൻ ഓഫീസർ